**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 688** **24-08-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജിംഗ് പോയിന്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജിംഗ് പോയിന്റ് സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്ന KSEBL-ന്റെ പദ്ധതി പുരോഗമിക്കുന്നു. 2 മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡല പരിധിയിൽ ഉൾപ്പെടുന്ന മുളകുന്നത്തുകാവ് 'കില' ക്യാമ്പസിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയായി. |
| (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതവാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി എത്ര പോസ്റ്റുകളിൽ ചാർജിംഗ് പോയിന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും എവിടെയൊക്കെയാണ് ഇത് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വിശദാംശം ലഭ്യമാക്കുമോ? | (ബി) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന 7 പോസ്റ്റുകളിലാണ് വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നത്.<br><br>1.. ഓട്ടുപാറ ബസ് സ്റ്റാന്റിന് എതിർവശം<br><br>2. തെക്കുംകര പഞ്ചായത്തിന് എതിർവശം<br><br>3. ഇ. എസ്. ഐ. യ്ക്ക് സമീപം<br><br>4. ക്ഷേത്രം (യൂണിയൻ ഷെഡ്ഡിനു സമീപം)<br><br>5. മുണ്ടൂർ പമ്പ് വെട്ടിക്കാവ് ട്രാൻസ്ഫോർമർ<br><br>6. കിഴക്കേ അങ്ങാടി<br><br>7. കെൽട്രോൺ പബ്ളിക്ക് ടോയിലറ്റിന് സമീപം |

സെക്ഷൻ ഓഫീസർ